**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2435** | **30-09-2025 - ൽ മറുപടിയ്ക്ക്**

**ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണത്തിനായി വിവിധ ജില്ലകളിൽ ഈ സർക്കാർ പുതുതായി ആരംഭിച്ചിട്ടുള്ളതും നിലവിലുണ്ടായിരുന്നതിൽ ആധുനികീകരണം കൊണ്ടുവന്നിട്ടുള്ളതുമായ പദ്ധതികൾ വിശദമാക്കാമോ; | (എ) | കേരളത്തിൽ മാലിന്യ മുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി, മാലിന്യ നിർമ്മാർജ്ജനത്തിന് വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിനും (Decentralized source-level waste management) പ്രാദേശികതലത്തിലുള്ള കേന്ദ്രീകൃത സംവിധാനങ്ങൾക്കും (Regional/Community level facilities) ഊന്നൽ നൽകുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br><br>**ജൈവ മാലിന്യ സംസ്കരണം (Biodegradable Waste Management)**<br><br>ജൈവമാലിന്യം പരമാവധി ഉറവിടത്തിൽ തന്നെ ഉൽപ്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഇതിനായി താഴെ പറയുന്ന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നു:<br><br>• **വീടുകളിലും സ്ഥാപനങ്ങളിലും**: കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികൾക്കായി അംഗീകൃത ഉപകരണങ്ങൾ (Bio Bins, Bio Composters, Bio Gas Plants, etc.) ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.<br>• **കമ്മ്യൂണിറ്റി തലത്തിൽ**: സ്ഥലപരിമിതിയുള്ള വീടുകളിലെ മാലിന്യം ശേഖരിച്ച് **കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ്, കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റുകൾ** എന്നിവയിലേക്ക് എത്തിച്ച് സംസ്കരിക്കുന്നു.<br>• **സ്ഥാപനങ്ങൾ, മാർക്കറ്റുകൾ** : തുമ്പൂർമുഴി, കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നു. |

- **സഹായങ്ങൾ**: ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത **ഇനോകുലങ്ങൾക്ക്** സബ്സിഡി ലഭ്യമാക്കുന്നു.
- **പ്രത്യേക മാലിന്യം**: **സാനിറ്ററി മാലിന്യം, മുടി മാലിന്യം, കോഴിമാലിന്യം, ഇറച്ചി മാലിന്യം, മത്സ്യ മാലിന്യം** എന്നിവ സംസ്കരിക്കുന്നതിനായി പ്രത്യേക പ്ലാന്റുകൾ സ്ഥാപിക്കുന്നു. **ചിക്കൻ റെൻഡറിങ് പ്ലാന്റുകളും** ഇതിന്റെ ഭാഗമാണ്.

**അജൈവ മാലിന്യ സംസ്കരണം (Non-Biodegradable Waste Management)**

അജൈവ മാലിന്യം ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനും സംസ്കരിക്കുന്നതിനും **ഹരിതകർമ്മ സേനയെയും** സാങ്കേതിക സംവിധാനങ്ങളെയും ആശ്രയിക്കുന്നു.

**ശേഖരണവും കൈമാറ്റവും**

1. **വാതിൽപ്പടി ശേഖരണം: ഹരിതകർമ്മ സേന** വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും **യൂസർ ഫീ** ഈടാക്കി മാലിന്യം ശേഖരിക്കുന്നു. ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം 38,312 ആയി വർദ്ധിച്ചു. വാതിൽപ്പടി ശേഖരണം 90% ആയും യൂസർ ഫീ കളക്ഷൻ 72% ആയും വർദ്ധിച്ചു.

2. **ഡിജിറ്റൽ നിരീക്ഷണം**: മാലിന്യ ശേഖരണം **'ഹരിത മിത്രം' സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ** മുഖേനയാണ് നടത്തുന്നത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിന്റെ ഡിജിറ്റൽ മോണിറ്ററിംഗ് ആരംഭിച്ചു.

3. **വേർതിരിക്കൽ കേന്ദ്രങ്ങൾ**: ശേഖരിച്ച മാലിന്യം തരംതിരിക്കുന്നതിനായി **വാർഡ് തലങ്ങളിലെ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ (Mini MCF),മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ (MCF), റീസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ (RRF)** എന്നിവയുടെ എണ്ണം വർദ്ധിപ്പിച്ചു. (**20051** മിനി MCF-കൾ, **1354** MCF-കൾ,**192** RRF-കൾ )

4. **കൈമാറ്റം:-** വേർതിരിച്ച മാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരം **ക്ലീൻ കേരള കമ്പനി** അല്ലെങ്കിൽ മറ്റ് അംഗീകൃത **റീസൈക്ലിങ് ഏജൻസികൾക്ക്** കൈമാറുന്നു.

**സംസ്കരണം, പുനഃചംക്രമണം**

1.**പുന: ചംക്രമണം(Recycling)**: പുന: ചംക്രമണ സാധ്യമായവ റിസൈക്ലിങ്ങിനായി പോകുന്നു.

2. **ഊർജ്ജോത്പാദനം**: പുനഃചംക്രമണം സാധ്യമല്ലാത്ത മാലിന്യം Refuse Derived Fuel

(RDF) രൂപേണ സിമെന്റ് പ്ലാന്റുകളിലേക്ക് ശാസ്ത്രീയമായ സംസ്കരണത്തിന് നേരിട്ടും പോകുന്നു.

3. **പുതിയ പ്ലാന്റുകൾ**:

- ഒൻപതോളം പ്ലാന്റുകൾ ക്ലീൻ കേരള കമ്പനിയുടെയും സ്വകാര്യ ഏജൻസികളുടെയും ആഭിമുഖ്യത്തിൽ നിർമ്മാണത്തിലാണ്. 2026-27 ഓടെ ഇത് പൂർത്തിയാക്കും.
- **വേസ്റ്റ് ടു എനർജി പ്ലാന്റുകൾ** സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
- **അജൈവ മാലിന്യ പുനഃചംക്രമണ പാർക്കുകൾ,** റീസൈക്ലിങ് വ്യവസായ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നു.
- MCF/RRF കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾക്കായി ബെയിലിംഗ് മെഷീൻ, ഷ്രഡിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജല ട്രീറ്റ്മെന്റ് സൗകര്യം എന്നിവ ഏർപ്പെടുത്തുന്നു.

4. **മാലിന്യ നിക്ഷേപം**: കാലങ്ങളായി കെട്ടിക്കിടക്കുന്ന വലിയ മാലിന്യ കൂനകൾ ബയോ മൈനിംഗ് പ്രക്രിയയിലൂടെ നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നു.

**അടിസ്ഥാന സൗകര്യ വികസനം (Infrastructure Development)**

മാലിന്യം വേർതിരിക്കാനും സംസ്കരിക്കാനുമുള്ള അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്താൻ താഴെപ്പറയുന്ന പദ്ധതികൾ പുരോഗമിക്കുന്നു:

- **പ്രാദേശികതല പ്ലാന്റുകൾ**: റീജിയണൽ വേസ്റ്റ് പ്രോസസിംഗ് ഫെസിലിറ്റികൾ, ആധുനിക ബയോഡിഗ്രേഡബിൾ വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റുകൾ,കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റുകൾ, റീജിയണൽ സാനിറ്ററി വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റികൾ, മിനി സാനിറ്ററി ലാന്റ് ഫിൽ ഫെസിലിറ്റികൾ എന്നിവയുടെ നിർമ്മാണം.

- **മാലിന്യ സംഭരണം**: അജൈവ മാലിന്യം താത്ക്കാലികമായി സംഭരിക്കുന്നതിന് ബിന്നുകൾ, ബോട്ടിൽ ബൂത്ത്, മിനി MCF, കണ്ടെയ്നർ MCF എന്നിവ നിലവിലുണ്ട്.
- **ദ്രവ മാലിന്യ സംസ്കരണം**: സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STP), ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (FSTP) എന്നിവയുടെ പദ്ധതികൾ.
- **C&D മാലിന്യം**: കെട്ടിട നിർമ്മാണ-പൊളിച്ചുമാറ്റൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി കൺസ്ട്രക്ഷൻ & ഡിമോളിഷൻ (C&D ) മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ.
- **ജലാശയ സംരക്ഷണം**: ജലാശയങ്ങളിലും കനാലുകളിലും മാലിന്യം വന്നുചേരുന്നത് തടയാൻ ട്രാഷ് ബൂമുകൾ, സ്ക്രീൻ ചേംബറുകൾ, നെറ്റ് ഫെൻസിംഗ് എന്നിവ സ്ഥാപിക്കുന്നു.
- **പൊതുമാലിന്യ പ്ലാന്റുകൾ**: നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു.
- **മറ്റുള്ളവ**: ഗ്യാസ് ക്രിമറ്റോറിയം, അറവുശാലകൾ, പാക്കേജ്ഡ് സീവേജ്/ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ

**നിയമ നിർവ്വഹണവും ബോധവൽക്കരണവും**

മാലിന്യ പരിപാലന നിയമങ്ങൾ കർശനമാക്കുകയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

**എൻഫോഴ്സ്മെന്റ്**

- **നിയമങ്ങൾ**: കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി പ്രകാരം മാലിന്യ നിക്ഷേപത്തിനെതിരെ നിയമം കർശനമാക്കി.
- **സ്ക്വാഡുകൾ**: നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, വിജിലൻസ് സ്ക്വാഡുകൾ, IVO സ്ക്വാഡുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ പ്രവർത്തിക്കുന്നു.
- **പരാതി സംവിധാനം**: മാലിന്യ നിക്ഷേപത്തിനെതിരെയും നിരോധിത സിംഗിൾ യൂസ് പ്ലാസ്റ്റിക്കിനെതിരെയും പൊതുജനങ്ങൾക്ക് പരാതി നൽകാൻ സിംഗിൾ വാട്സ് ആപ്പ് നമ്പർ (9446 700

800) സംവിധാനവും LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും പ്രവർത്തിക്കുന്നു.

- **റിവാർഡ്**: തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് പിഴത്തുകയുടെ 25% റിവാർഡ് നൽകുന്ന സംവിധാനം നിലവിലുണ്ട്.

**ബോധവൽക്കരണവും ബദൽ മാർഗ്ഗങ്ങളും**

- **ബദൽ ഉൽപ്പന്നങ്ങൾ**: ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറക്കുന്നതിനായി IEC (Information, Education and Communication) പ്രവർത്തനങ്ങളും കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ബദൽ ഉൽപ്പന്നമേളകളും സംഘടിപ്പിച്ചു. ക്ലോത്ത് ബാഗുകളുടെ നിർമ്മാണവും പ്രോത്സാഹിപ്പിക്കുന്നു.
- **ക്ലീൻ കേരള ഇക്കോ ബാങ്കുകൾ**: എല്ലാ ജില്ലകളിലും പൊതുജനങ്ങൾക്ക് നേരിട്ട് അജൈവ പാഴ്‌വസ്തുക്കൾ കൈമാറാൻ ക്ലീൻ കേരള കമ്പനിയുടെ ഇക്കോ ബാങ്കുകൾ സ്ഥാപിച്ചു.
- **മറ്റ് പദ്ധതികൾ**: സ്വാപ് ഷോപ്പുകൾ, ഇ-വേസ്റ്റ് മാലിന്യ ശേഖരണ സ്പെഷ്യൽ ഡ്രൈവ് എന്നിവയും നടത്തുന്നു.
- **വലിച്ചെറിയൽ മുക്തവാരം**: പൊതു ഇടങ്ങളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മാലിന്യം വലിച്ചെറിയുന്നത് തടയാൻ വലിച്ചെറിയൽ മുക്തവാരം സംഘടിപ്പിക്കുകയും ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്തു.

**ബൾക്ക് വേസ്റ്റ് ജനറേറ്ററുകൾ (Bulk Waste Generators)**

പ്രതിദിനം 100 കിലോയിൽ കൂടുതൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങിയ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്, സ്വന്തം നിലയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശപ്രകാരമോ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കാൻ ഉത്തരവാദികളാണ്. ഈ നടപടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | വെള്ളക്കെട്ട് രൂക്ഷമായ ആലപ്പുഴ പോലുള്ള ജില്ലകളിൽ സാനിറ്ററി മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അതുവഴി ജലാശയങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഉണ്ട്.<br><br>1. **സംസ്ഥാനതല പദ്ധതികളും പൊതുവായ നടപടികളും**<br><br>a) **സാനിറ്ററി മാലിന്യ സംസ്കരണം**:<br><br>സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന സാനിറ്ററി മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ക്ലീൻ കേരള കമ്പനി മുഖേന 20 ടൺ കപ്പാസിറ്റിയുള്ള റീജിയണൽ<br><br>സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>b) **ജലസംരക്ഷണം/കായൽ മലിനീകരണം തടയൽ:**<br><br>ഇനി ഞാൻ ഒഴുകട്ടെ, 'തെളിനീരൊഴുകും നവകേരളം' എന്നീ ജനകീയ ക്യാമ്പയിനുകളിലൂടെ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ, ഡ്രെയിനേജുകൾ, തോടുകൾ, കനാലുകൾ<br><br>എന്നിവയുടെ ശുചീകരണം, കായൽ മലിനീകരണം തടയുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം സിസിടിവി ക്യാമറകൾ, നെറ്റ് ഫെൻസിംഗ് തുടങ്ങിയ പ്രോജക്ടുകളും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.<br><br>2. **ആലപ്പുഴ ജില്ലയിലെ പ്രത്യേക പദ്ധതികൾ**<br><br>a) **വേമ്പനാട്ട് കായൽ പുനരുജ്ജീവനം**<br><br>**പദ്ധതി**: ആലപ്പുഴ ജില്ലയിലെ ഏറ്റവും വലിയ ജലാശയമായ വേമ്പനാട് കായലിന്റെ പുനരുജ്ജീവനത്തിനായി 15 തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാ ഭരണകൂടത്തിന്റെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ നടത്തിയ ബൃഹത്തായ ജനകീയ പദ്ധതി.<br><br>**പ്രവർത്തനങ്ങൾ**: ജില്ലയിലെ 12 തദ്ദേശ സ്ഥാപനങ്ങളിലായി വേമ്പനാട് കായലിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് എം സി എഫ് -കളിലേക്ക് മാറ്റുന്ന വലിയ ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ചു.<br><br>**ബി. മാലിന്യ സംസ്കരണ പദ്ധതികൾ**<br><br>i. **അജൈവ മാലിന്യ സംസ്കരണം** |

**ഹരിത കർമ്മ സേന**: ജില്ലയിലെ 78 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 2689 ഹരിത

കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു.

**എം.സി.എഫുകൾ**: ശേഖരിക്കുന്ന അജൈവ മാലിന്യം 95 എം.സി.എഫുകളിൽ ശേഖരിച്ച്

തരംതിരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നു.

**മോണിറ്ററിംഗ്**: എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേനയുടെ സേവനങ്ങൾ ഹരിതമിത്രം ആപ്പിൽ രേഖപ്പെടുത്തി അവലോകനം ചെയ്യുന്നു.

**പുതിയ എം.സി.എഫ്**: 27 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുതിയ എം.സി.എഫ് നിർമ്മാണത്തിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട് .

**പൊതു സംവിധാനങ്ങൾ**: എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്

ii. **ജൈവ/സാനിറ്ററി മാലിന്യ സംസ്കരണം**

**സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റ്**: ഹരിപ്പാട് നഗരസഭയിൽ ഡബിൾ ചേംബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട് .

**ഗാർഹിക സോക് പിറ്റ്**: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും വഴി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഗാർഹിക സോക് പിറ്റ് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നു.

**ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാന്റ് (FSTP):**

ചേർത്തല നഗരസഭയിൽ 250 KLD സംഭരണശേഷിയുള്ള FSTP സ്ഥാപിച്ച് പ്രവർത്തിക്കുന്നു.

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 70 KLD സംഭരണശേഷിയുള്ള FSTP സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട് .

**സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റ് (STP)**

**കമ്മ്യൂണിറ്റി STP**: ആലപ്പുഴ നഗരസഭയിൽ ആലിശ്ശേരി കോളനി (5 MLD+13KLD), ഭജനമഠം നഗർ (12 KLD) എന്നിവിടങ്ങളിലും ഹരിപ്പാട്

| | | | |
|---|---|---|---|
| | | | നഗരസഭയിലെ പിലാപ്പുഴയിലും കമ്മ്യൂണിറ്റി തല STP സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട് .<br><br>**സ്ഥാപനതല STP**: തുറവൂർ താലൂക്ക് ആശുപത്രി, ആലപ്പുഴ W&C ആശുപത്രി, മാവേലിക്കര ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നിർമ്മാണം നടന്നുവരുന്നു.<br><br>**മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് (MTU):**<br><br>ആലപ്പുഴ നഗരസഭയിൽ 2 യൂണിറ്റ് MTU പ്രവർത്തിക്കുന്നു.<br><br>കായംകുളം നഗരസഭയിൽ ഒരു യൂണിറ്റ് MTU വാങ്ങൽ നടപടികൾ പൂർത്തീകരിച്ചു. ചെങ്ങന്നൂർ നഗരസഭയിൽ ഒരു യൂണിറ്റ് MTU വാങ്ങി പ്രവർത്തിപ്പിക്കുന്നതിനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ